ഉത്തരം

(എ) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ആറു കമ്പ്യൂട്ടറൻമാരുടെ (കമ്പയിലർമാർ അല്ല) ആവശ്യമുള്ളതു എന്ന നിഗമനത്തിലാണ് ഗവൺമെൻറിൽനിന്ന് ആറു തസ്തിക ഉണ്ടാക്കിയത്. ഇതിൽ യാതൊരു വിവേചനവും ഉണ്ടായിരുന്നില്ല.

(ബി) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിൻറെ ശുപാർശ അനുസരിച്ച് കൂടുതൽ കമ്പ്യൂട്ടർമാരുടെ തസ്തികകൾക്കുവേണ്ടി പ്രസ് സൂപ്രണ്ട് സർക്കാരിലേക്ക് എഴുതുകയും സർക്കാർ നടപടികൾ എടുത്തുവരികയും ചെയ്തു വരുന്നു.

സ്റ്റേഷനറിയും പ്രിൻറിംഗും ഡിപ്പാർട്ടുമെൻറുകൾ

595 [854] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറിയും പ്രിൻറിംഗും വിഭാഗത്തിൽ തുല്യജോലി ചെയ്യുന്ന സ്റ്റേഷനറി ഇൻസ്പെക്ടർമാർക്ക് നൽകുന്ന ശമ്പള സ്കെയിലുകൾ രണ്ടു തരത്തിലാകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രണ്ടു സ്കെയിലുകളും ഏകീകരിക്കാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) നിലവിലുള്ള ശമ്പള സ്കെയിലുകൾ ശമ്പള കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഉള്ളതാണ്.

(ബി) ശമ്പള കമ്മീഷൻ ശുപാർശകളിൻമേൽ (ചില പ്രത്യേക കാരണങ്ങൾ ഇല്ലെങ്കിൽ) മാറ്റം വരുത്തുന്നതിന് ഉദ്ദേശമില്ല.

കെ. എസ്. ആർ. ടി. സി. ഓപ്പറേറു ചെയ്യുന്ന ഷെഡ്യൂളുകൾ

596 [855] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര റൂട്ടുകളിൽ എത്ര ഷെഡ്യൂൾ വീതം ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഒരു ദിവസം ഒരു പുതിയ ബസ്സ് എന്ന തീരുമാനം അനുസരിച്ച് എത്ര ബസ്സുകൾ ഇറക്കി;

(സി) പുതിയ ബസ്സുകൾ റൂട്ടിൽ ഇറക്കിയതിൻറെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പുതിയ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തേണ്ടതെന്നു തീരുമാനിക്കുന്നത് ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡി. റ്റി. ഒ.-മാരുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും റൂട്ടിൽ പുതിയ ബസ്സുകൾ ഓടിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) കോർപ്പറേഷൻ ഇപ്പോൾ 3,430 റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്. 2,424 ഷെഡ്യൂളുകളാണ് ആകെയുള്ളത്. ഒന്നിലധികം റൂട്ടുകളിലേക്കുള്ള ട്രിപ്പുകൾ ചേർന്നതാണ് ഒരു ഷെഡ്യൂൾ.

(ബി) ഒരു ദിവസം ഒരു ബസ് എന്നു തീരുമാനിച്ചത് മേയ് 1977 മുതലാണ്. ഈ സാമ്പത്തിക വർഷം ഈ പരിപാടി അനുസരിച്ച് ഇതേവരെ 231 ബസ്സുകൾ സർവ്വീസിനു ഇറക്കിയിട്ടുണ്ട്.

(സി) 1977 മേയ് മാസത്തിനുശേഷം ബസ്സുകൾ ഇറക്കിയതിന്റെ പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി) പുതിയ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിൽ ഓടിക്കണം എന്നല്ല സാധാരണ പരിഗണിക്കാറുള്ളത്. കൂടുതൽ പഴക്കം ചെന്ന വണ്ടികൾ പിൻവലിക്കുന്നതിന് ഏത് യൂണിറ്റിലാണ് പുതിയ ബസ്സ് നൽകേണ്ടത് എന്നാണ് പരിഗണിക്കാറുള്ളത്. ഇതിനുള്ള അധികാരം ജനറൽ മാനേജരിൽ നിക്ഷിപ്തമാണ്.

(ഇ) ഇല്ല.

വൈക്കത്ത് കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റേഷൻ പണി

597 [856] [ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈക്കത്ത് കെ. എസ്. ആർ. ടി. സി. വക ബസ്സ് സ്റ്റേഷൻ പണിതുടങ്ങുവാൻ എന്തുകൊണ്ടാണ് താമസിക്കുന്നത്;

(ബി) കഴിഞ്ഞ വർഷം സഭയിൽ നൽകിയ ഉറപ്പനുസരിച്ച് ഈ ബസ്സ് സ്റ്റേഷന്റെ പണി നടക്കാതിരിക്കുവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് അതിന്റെ പണി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക പരാധീനതമൂലം.

(ബി) മേൽപ്പറഞ്ഞ കാരണങ്ങളൊഴികെ പ്രത്യേകിച്ചു കാരണമൊന്നുമില്ല.

(സി) വൈക്കത്തെ ബസ്സ് സ്റ്റേഷൻ നിർമ്മാണത്തിന് ടെൻഡർ വിളിച്ചുകഴിഞ്ഞു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 15-3-79 ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. സ്വീകരിച്ചു കഴിഞ്ഞാൽ ഉടനടി പണികൾ ആരംഭിക്കുന്നതാണ്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

58.	K. A. Jose	A.S. of Kaduthuruthy
59.	Robin Abraham	Kanjirappally
60.	V. Narayana Pillai	A.S. No. 1 to 4 of Karunagapally
61.	N. Vijayan	T.S. No 1 to 23 of Do.
62.	Sreedharan	A.S. of Pappinissery and Cannanore F.L. Shops of Cannanore
63.	Philip Jose	A.S. and F.L.W. of Pathanamthitta and Kottayam F.L. of Kottayam.
64.	Pachi Philip	A. S. and F. L. W. of Ettumanoor T. S. of Kuruvilangad and F.L.R. of Kottayam
65.	Sree Murugan Trading Company	A.S. and F.L.R. Karthikapally.
66.	Abkari Contractor	Thamarassery Range
67.	K. Soman Pillai	F.L.R. Shops Karunagapally
68.	N.K. Joseph	A.S. of Balussery Range

അനുബന്ധം II

5.3.1979 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 596 (855) കാണുക:

ക്രമനമ്പർ	ഡിപ്പോയുടെ പേര്	അനുവദിച്ചിട്ടുള്ള ബസ്സുകളുടെ
1.	നെയ്യാറ്റിൻകര	7
2.	പാപ്പനംകോട്	1
3.	വിഴിഞ്ഞം	4
4.	തിരുവനന്തപുരം സിറ്റി	7
5.	തിരുവനന്തപുരം സെൻട്രൽ	44
6.	നെടുമങ്ങാട്	10
7.	ആറ്റിങ്ങൽ	5
8.	കൊല്ലം	18
9.	കൊട്ടാരക്കര	12
10.	പുനലൂർ	6
11.	കായംകുളം	9
12.	ചെങ്ങന്നൂർ	9
13.	പത്തനംതിട്ട	7
14.	തിരുവല്ല	11
15.	ചങ്ങനാശ്ശേരി	9
16.	ആലപ്പുഴ	16
17.	കോട്ടയം	29
18.	പാല	11
19.	മൂവാറ്റുപുഴ	14
20.	എറണാകുളം	26
21.	ആലുവ	10
22.	തൃശ്ശൂർ	21
23.	പൊന്നാനി	3
24.	പെരിന്തൽമണ്ണ	5

LIBRARY ARCHIVES Kerala Legislative Assembly

ക്രമനമ്പർ	ഡിപ്പോയുടെ പേര്	അനുവദിച്ചിട്ടുള്ള ബസ്സുകളുടെ
25.	ഗുരുവായൂർ	8
26.	പാലക്കാട്	14
27.	കോഴിക്കോട്	46
28.	സുൽത്താൻബത്തേരി	9
29.	പയ്യന്നൂർ	10
30.	ചേർത്തല	4
31.	ചാലക്കുടി	5
32.	പൊൻകുന്നം	8
33.	പെരുമ്പാവൂർ	10
34.	കണ്ണൂർ	10
	ആകെ.	418

അനുബന്ധം III

5.3.1979 ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 601 [860] കാണുക

Collection details of Palghat—Mukkaly (Via. Mannarghat) Service for 10/78

Date	Collection Rs. P.	Distance Km.	E.P.K.M. P.
1.10.1978	393.70	322	122
2.10.1978	524.30	322	162
3.10.1978	525.10	322	163
4.10.1978	166.50	122	136
5.10.1978	517.30	322	160
6.10.1978	469.40	244	192
7.10.1978	172.40	100	86
8.10.1978	468.50	322	145
9.10.1978	528.80	322	164
10.10.1978	404.80	322	125
11.10.1978	421.20	322	130
12.10.1978	520.10	322	161

LIBRARY ARCHIVES Kerala Legislative Assembly